"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കൂട്ടുപലിശ ഒഴിവാക്കിയും, 80 ചതുരശ്ര മീറ്റർ വരെയുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന വീടുകളുടെ 2024-25 വരെയുള്ള വസ്തു നികുതി പിഴപ്പലിശ ഒഴിവാക്കിയും ഉത്തരവ്- പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1756/2024/LSGD തീയതി,തിരുവനന്തപുരം, 24-09-2024

പരാമർശം:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ അദാലത്തിലെ തീരുമാനങ്ങൾ.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കൂട്ടുപലിശ ഒഴിവാക്കുന്നത് സംബന്ധിച്ചും, 80 ചതുരശ്ര മീറ്റർ വരെയുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന വീടുകളുടെ 2024-25 വരെയുള്ള വസ്തു നികുതിയുടെ പിഴപ്പലിശ ഒഴിവാക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ നടപ്പാക്കി ഉത്തരവാകുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയുടെയും വാടകയുടെയും കുടിശ്ശിക കൂട്ടുപലിശ നിരക്കിൽ ഈടാക്കുന്നത് ഒഴിവാക്കി ക്രമ പലിശ മാത്രം ഈടാക്കേണ്ടതാണ്.

2. സംസ്ഥാനത്ത് 80 ചതുരശ്ര മീറ്റർ വരെയുള്ള സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന വീടുകൾക്ക് 2024-25 വരെയുള്ള വസ്തു നികുതി പിഴപ്പലിശ ഒഴിവാക്കി നൽകുന്നു. ഈ കുടുംബങ്ങൾക്ക് നികുതി കുടിശ്ശിക മാത്രം അടച്ചാൽ മതിയാകും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള,
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ സി 2/472/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Pradeesh M.

Date: 24-09-2024 17:02:03

സെക്ഷൻ ഓഫീസർ